"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം - എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ശ്രീ. ശിവപ്രകാശ് എസ്.എസ്. ഫയൽ ചെയ്ത OA 252/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.232/2023/RD തീയതി,തിരുവനന്തപുരം, 14-10-2023

---

പരാമർശം:-

1. 02.12.1991 ലെ സ. ഉ. (പി)നം. 36/1991/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 06.12.1996 ലെ 15877/സി3/1996/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.
3. എറണാകുളം ജില്ലാ കളക്ടറുടെ 13.06.2022 ലെ DCEKM/22/2022-E2 നമ്പർ നടപടിക്രമം.
4. ലാൻഡ് റവന്യൂ കമ്മിഷണറുടെ 02/12/2022 ലെ LR/11456/2022-LR(N4)) നമ്പർ നടപടിക്രമം.
5. ശ്രീ. ശിവപ്രകാശ് എസ്. എസ്. സമർപ്പിച്ച 27.01.2023 ലെ റിവിഷൻ പെറ്റീഷൻ
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.02.2023, 17.02.2023, 02.05.2023, 22.05.2023 തീയതികളിലെ എൽ.ആർ./11456/2022-എൽ.ആർ.(എൻ4) നമ്പർ കത്തുകൾ.
7. കോഴിക്കോട് ജില്ലാ കളക്ടറുടെ 02.05.2023, 17.05.2023 തീയതികളിലെ KKD/378/2017-S1 നമ്പർ കത്തുകൾ .
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2023 ലെ OA 252/2023 നമ്പർ കേസിലെ ഉത്തരവ്.

**ഉത്തരവ്**

ശ്രീ. ശിവപ്രകാശ് എസ്. എസ്. കോഴിക്കോട് ജില്ലാ പി. എസ്. സി. യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ 02.09.2008 ലെ നിയമന ഉത്തരവ് പ്രകാരം 19.09.2008 ൽ കോഴിക്കോട് ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി സേവനത്തിൽ പ്രവേശിച്ചു. ടിയാന്റെ ഭാര്യ എറണാകുളം ജില്ലയിൽ ജോലി ചെയ്തു വരുന്നതിനാലും ടി ദമ്പതികൾ വന്ധ്യത ചികിത്സ നടത്തി വരുന്നതിനാലും ടി ചികിത്സയ്ക്കായി ശ്രീ. ശിവപ്രകാശ് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലമാറ്റത്തിനായി

01.08.2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ പരാമർശം (3) നടപടിക്രമം പ്രകാരം ടിയാന് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും, 18.07.2022 ൽ ടിയാൻ എറണാകുളം ജില്ലയിൽ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. വന്ധ്യത ചികിത്സ പരാജയപ്പെട്ടതിനെ തുടർന്ന് ശ്രീ. ശിവപ്രകാശ് തന്റെ വൃദ്ധമാതാവിനെ പരിചരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് മാതൃജില്ലയായ കോഴിക്കോട് ജില്ലയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് കമ്മീഷണർ മുമ്പാകെ ഒരു അപേക്ഷ സമർപ്പിച്ചു. ശ്രീ. ശിവപ്രകാശ് അവകാശപ്പെട്ട വസ്തുതകൾ തെളിയിക്കുവാനുതകുന്ന മെഡിക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്നും, എറണാകുളം ജില്ലയിൽ 18.07.2022 ന് ജോലിയിൽ പ്രവേശിച്ച് കഴിഞ്ഞതിനാൽ എറണാകുളം ജില്ലാതല നിയമനവ്യവസ്ഥകൾ ടിയാന് ബാധകമാണെന്നു ചൂണ്ടിക്കാട്ടിയും അന്തർജില്ലാ സ്ഥലംമാറ്റത്തിന് ആവശ്യമായ 5 വർഷത്തെ മിനിമം സേവനം ടിയാൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ നിരസിച്ചിരുന്നു.

2. തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ പ്രസ്തുത ഉത്തരവ് പുനഃ പരിശോധിച്ച് കോഴിക്കോട് ജില്ലയിൽ നിയമിക്കാൻ ഇരു കളക്ടർമാർക്കും നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശിവപ്രകാശ് എസ്. എസ്. വീണ്ടും കമ്മീഷണർ മുമ്പാകെ പരാമർശം (5) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം പരിഗണിക്കുന്നതിനായി പരാമർശം (6) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത റിവിഷൻ പെറ്റീഷൻ സമയബന്ധിതമായി തീർപ്പാക്കുവാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശിവപ്രകാശ് എസ്. എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 252/2023 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ബഹു.ട്രൈബ്യൂണലിന്റെ പരാമർശം (8) വിധിയിൽ, വിധിപ്പകർപ്പ് കിട്ടി 3 മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ടതിനു ശേഷം അപേക്ഷകൻ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അനക്സർ എ 9 ഹർജി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ടവരെയും 03.05.2023 ന് നേരിൽ കേൾക്കുകയും അപേക്ഷകൻ ഹർജിയിൽ സൂചിപ്പിച്ച കാര്യങ്ങൾ ഹിയറിങ് വേളയിൽ ആവർത്തിക്കുകയുമുണ്ടായി.

4. കോഴിക്കോട് ജില്ലയിൽ കോട്ടൂളി വില്ലേജിൽ അപേക്ഷകന്റെ മാതാവായ ഏകദേശം 66 വയസ്സുള്ള ശ്രീമതി ശാരദാമ്മ തനിച്ചാണ് ഇപ്പോൾ താമസിക്കുന്നതെന്നും അവരുടെ ഭർത്താവ് 2014 ൽ മരണപ്പെട്ടിട്ടുള്ളതും ടിയാരിയുടെ മൂന്നു മക്കളിൽ മകൾ കിടപ്പിലും, രണ്ടാമത്തെ മകൻ ഭിന്നശേഷിയുള്ള ഒരു മകനുമൊത്ത് മാറി താമസിക്കുകയുമാണെന്നും ശ്രീമതി ശാരദാമ്മയ്ക്ക് അടുത്തിടെയുണ്ടായ വീഴ്ചമൂലം കാലിന് ക്ഷതം സംഭവിച്ച് പരസഹായം കൂടാതെ നടക്കാൻ കഴിയില്ലെന്നും ടിയാൾക്ക് ഏക ആശ്രയമായ മകൻ, ശ്രീ. ശിവപ്രകാശിന്റെ സാന്നിദ്ധ്യവും പരിചരണവും ആവശ്യമാണെന്നും പരാമർശം (7) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അപേക്ഷകന്റെ മാതാവായ ശ്രീമതി ശാരദാമ്മയ്ക്ക് പരസഹായം കൂടാതെ

നടക്കാൻ കഴിയില്ലെന്ന് കുന്നമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസി. സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് എറണാകുളം ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിലവിൽ ഒഴിവുണ്ടെന്നും കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷയൊന്നും കുടിശ്ശികയില്ലാത്തതിനാൽ 9:1 എന്ന അനുപാതത്തിൽ ടിയാന് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് തടസ്സമില്ലെന്നും പരാമർശം (7) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ശിവപ്രകാശ് എസ്. എസ്. എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനു അപേക്ഷിച്ചത് IVF ചികിത്സ നടത്താനായിരുന്നു. പരാമർശം (3) നടപടിക്രമം പ്രകാരം ടിയാന് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും, 18.07.2022 ന് ടിയാൻ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അപേക്ഷകനും ഭാര്യയും ഇതിനിടയിൽ 09.04.2021 നും 19.09.2022 നും രണ്ട് പ്രാവശ്യം വന്ധ്യതാ ചികിത്സയ്ക്ക് വിധേയരായി എന്ന് എറണാകുളം സബൈൻ ആശുപത്രി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വന്ധ്യത ചികിത്സ പരാജയപ്പെട്ടതിനാലും രോഗിയായ മാതാവിനെ സംരക്ഷിക്കേണ്ട ആവശ്യകത കണക്കിലെടുത്തും പരാമർശം (2) സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം എറണാകുളം ജില്ലയിൽ ആവശ്യമായ 5 വർഷത്തെ സേവനം പൂർത്തീകരിക്കുന്നതിനു മുൻപ് ശ്രീ. ശിവപ്രകാശ് എസ്. എസ്. എറണാകുളം ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുകയായിരുന്നു.

6. മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീ. ശിവപ്രകാശ് എസ്. എസ്. -ന് ടിയാന്റെ വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം, ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തീകരിക്കണം എന്ന പരാമർശം (1) സർക്കാർ ഉത്തരവിലെയും, പരാമർശം (2) സർക്കുലറിലെയും നിബന്ധനയിൽ ഇളവ് നൽകി കോഴിക്കോട് ജില്ലയിലേയ്ക്ക് തിരികെ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് കൊണ്ട് പരാമർശം (5) റിവിഷൻ പെറ്റീഷൻ (അനക്സർ എ 9) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ശ്രീ. ശിവപ്രകാശ് എസ്. എസ്., വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ആലുവ വെസ്റ്റ് വില്ലേജ് ഓഫീസ്,

എറണാകുളം -683 101. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.(05.08.2023 ലെ ADV-B1/192/2023/ഉഭപവ നമ്പർ റിമാർക്സ് പ്രകാരം )
പൊതുഭരണ (എസ്.സി) വകുപ്പ്. (ഇനം നം1.820)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/47/2023-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 16-10-2023 11:28:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്
ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. -ന്

REV-T1/47/2023-REV

7691506/2023/REV (T)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-10-2023

ഫയൽ നം. റവ-റ്റി1/47/2023/റവ. ഇനം നം: 1820

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി സേവനമനുഷ്ടിക്കുന്ന ശ്രീ. ശിവപ്രകാശ് എസ്.എസ്.-ന് വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം മാതൃജില്ലയായ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

12-10-23

REV-T1/47/2023-REV

7691574/2023/REV (T)

1820

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/47/2023-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. ശിവപ്രകാശ് എസ്.എസ്.-ന് വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം മാതൃജില്ലയായ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.09.2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ബാധകമല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 06.10.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.10.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.10.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.10.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ശിവപ്രകാശ് എസ്. എസ്.-ന് വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം ഒരു പ്രത്യേക കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷം പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകി മാതൃജില്ലയായ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോഴിക്കോട് ജില്ലാ പി. എസ്. സി. യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ 02.09.2008 ലെ നിയമന ഉത്തരവ് പ്രകാരം ശ്രീ. ശിവപ്രകാശ് എസ്. എസ്. 19.09.2008 ൽ കോഴിക്കോട് ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി സേവനത്തിൽ പ്രവേശിച്ചു. ടിയാന്റെ ഭാര്യ എറണാകുളം ജില്ലയിൽ ജോലി ചെയ്തു വരുന്നതിനാലും ടി ദമ്പതികൾ വന്ധ്യത ചികിത്സ നടത്തിവരുന്നതിനാലും ടി ചികിത്സയ്ക്കായി ടിയാൻ എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലമാറ്റത്തിനായി 01.08.2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ 13.06.2022 ലെ DCEKM/22/2022-E2 നമ്പർ നടപടിക്രമം പ്രകാരം ടിയാന് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും, 18.07.2022 ൽ ടിയാൻ എറണാകുളം ജില്ലയിൽ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. വന്ധ്യത ചികിത്സ പരാജയപ്പെട്ടതിനെ തുടർന്ന് ടിയാൻ തന്റെ വൃദ്ധമാതാവിനെ പരിചരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് മാതൃജില്ലയായ കോഴിക്കോട് ജില്ലയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് കമ്മീഷണർ മുമ്പാകെ ഒരു അപേക്ഷ സമർപ്പിച്ചു. ടിയാൻ അവകാശപ്പെട്ട വസ്തുതകൾ തെളിയിക്കുവാനുതകുന്ന മെഡിക്കൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്നും എറണാകുളം ജില്ലയിൽ 18.07.2022 ന് ജോലിയിൽ പ്രവേശിച്ച് കഴിഞ്ഞതിനാൽ എറണാകുളം ജില്ലാതല നിയമനവ്യവസ്ഥകൾ ടിയാന് ബാധകമാണെന്ന് ചൂണ്ടിക്കാട്ടിയും അന്തർജില്ലാ സ്ഥലംമാറ്റത്തിന് ആവശ്യമായ 5 വർഷത്തെ മിനിമം സേവനം ടിയാൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത അപേക്ഷ 02/12/2022 ലെ LR/11456/2022-LR(N4)) നമ്പർ നടപടിക്രമം പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ നിരസിച്ചിരുന്നു.

3. തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് കോഴിക്കോട് ജില്ലയിൽ നിയമിക്കാൻ ഇരു കളക്ടർമാർക്കും നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ വീണ്ടും കമ്മീഷണർ മുമ്പാകെ റിവിഷൻ

പെറ്റീഷൻ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ 02.12.1991 ലെ സ. ഉ. (പി)നം. 36/91/ഉഭപവ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം പരിഗണിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി.

4. പ്രസ്തുത റിവിഷൻ പെറ്റീഷൻ സമയബന്ധിതമായി തീർപ്പാക്കുവാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശിവപ്രകാശ് ബഹു. ട്രൈബ്യൂണൽ മുമ്പാകെ OA 252/2023 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 27.02.2023 ലെ വിധിയിൽ, വിധിപ്പകർപ്പ് കിട്ടി 3 മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ടതിനു ശേഷം അപേക്ഷകൻ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അനക്സർ A9 ഹർജി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ടവരെയും 03.05.2023 ന് നേരിൽ കേൾക്കുകയും അപേക്ഷകൻ ഹർജിയിൽ സൂചിപ്പിച്ച കാര്യങ്ങൾ ഹിയറിങ് വേളയിൽ ആവർത്തിക്കുകയുമുണ്ടായി.

5. കോഴിക്കോട് ജില്ലയിൽ കോട്ടൂളി വില്ലേജിൽ അപേക്ഷകന്റെ മാതാവായ ഏകദേശം 66 വയസ്സുള്ള ശ്രീമതി ശാരദാമ്മ തനിച്ചാണ് ഇപ്പോൾ താമസിക്കുന്നതെന്ന് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അവരുടെ ഭർത്താവ് 2014 ൽ മരണപ്പെട്ടിട്ടുള്ളതും ടിയാരിയുടെ മൂന്നു മക്കളിൽ മകൾ കിടപ്പിലും, രണ്ടാമത്തെ മകൻ ഭിന്നശേഷിയുള്ള ഒരു മകനുമൊത്ത് മാറി താമസിക്കുകയുമാണ്. ശ്രീമതി ശാരദാമ്മയ്ക്ക് അടുത്തിടെയുണ്ടായ വീഴ്ചമൂലം കാലിന് ക്ഷതം സംഭവിച്ച് പരസഹായം കൂടാതെ നടക്കാൻ കഴിയില്ല. ടിയാൾക്ക് ഏക ആശ്രയമായ മകൻ, ശിവപ്രകാശിന്റെ സാന്നിദ്ധ്യവും പരിചരണവും ആവശ്യമാണ്. അപേക്ഷകന്റെ മാതാവായ ശ്രീമതി ശാരദാമ്മയ്ക്ക് പരസഹായം കൂടാതെ നടക്കാൻ കഴിയില്ലെന്ന് കുന്നമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസി. സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് എറണാകുളം ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിലവിൽ ഒഴിവുണ്ടെന്നും കോഴിക്കോട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷയൊന്നും കുടിശ്ശികയില്ലാത്തതിനാൽ 9:1 എന്ന അനുപാതത്തിൽ ടിയാന് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് തടസ്സമില്ലെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എറണാകുളം സബൈൻ ആശുപത്രിയിലെ രേഖകൾ പ്രകാരം 09.04.2021 മുതൽ ശ്രീ. ശിവപ്രകാശ് ഐ. വി. എഫ്. ചികിത്സ നടത്തിയിട്ടുണ്ട്. 09.04.2021 ലും 19.09.2022 ലും നടത്തിയ ചികിത്സകൾ ഫലവത്തായിരുന്നില്ലായെന്ന് ടി ദമ്പതികളെ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

6. ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയ ജീവനക്കാരന് ആ ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയതിനു ശേഷമേ രണ്ടാമതൊരു അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്നും ടി നിബന്ധനയിൽ, 02.02.1991 ൽ പുറപ്പെടുവിച്ച ജി. ഒ. (പി)നം. 36/91/ഉഭപവ പ്രകാരം ഇളവനുവദിച്ചിട്ടില്ലാത്ത എല്ലാ അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കും, സ്ഥലംമാറ്റം ഒന്നാമതാണോ രണ്ടാമതാണോ എന്ന വ്യത്യാസമില്ലാതെ ബാധകമായിരിക്കുമെന്നും

06.12.1996 ലെ 15877/സി3/96/ഉഭപവ നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ. ശിവപ്രകാശ് എസ്. എസ്. -ന് മാനുഷിക പരിഗണനയിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് വീണ്ടും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ഒരു ജില്ലയിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം നേടി മറ്റൊരു ജില്ലയിൽ ജോലി ചെയ്യുന്ന ജീവനക്കാരന് വീണ്ടും അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് തടസ്സമില്ല. എന്നാൽ രണ്ടാമത്തെ ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ ടിയാനു വീണ്ടുമൊരു അന്തർ ജില്ലാ സ്ഥലംമാറ്റത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ. 02/12/1991- ലെ ജി.ഒ(പി) നം.36/91/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 -ലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസുകളിൽ 5 വർഷ നിബന്ധനയിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ ഇളവ് അനുവദിക്കാവുന്നതാണ്. അപ്രകാരം ഇളവ് അനുവദിക്കുന്നതിന് വ്യക്തവും നീതികരിക്കാവുന്നതുമായ കാരണങ്ങൾ ഉണ്ടാകേണ്ടതും ഏത് ജില്ലയിലേയ്ക്കാണോ അന്തർജില്ല സ്ഥലമാറ്റം ആവശ്യപ്പെടുന്നത് ആ ജില്ലയുടെ കളക്ടറുടെ റിപ്പോർട്ടും സഹിതം ചീഫ് സെക്രട്ടറി മുഖാന്തിരം ഫയൽ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ജില്ലാതല നിയമനങ്ങളിൽ ഒരു വകുപ്പിലെ ഒരു തസ്തികയിൽ ഒരു വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% ഒഴിവുകളിൽ മാത്രമേ, വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കേസ്സുകൾ ഉൾപ്പെടെയുള്ള അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കായി നീക്കി വയ്ക്കാൻ പാടുള്ളൂ എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. ശിവപ്രകാശ് എസ്. എസ്. സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്."

7. ശ്രീ. ശിവപ്രകാശ് എസ്. എസ്. എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിനു അപേക്ഷിച്ചത് IVF ചികിത്സ നടത്താനായിരുന്നു. എറണാകുളം ജില്ലാ കളക്ടറുടെ 13.06.2022 ലെ DCEKM/22/2022-E2 നമ്പർ നടപടിക്രമം പ്രകാരം ടിയാന് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും 18.07.2022 ന് ടിയാൻ ആലുവ വെസ്റ്റ് വില്ലേജ് ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാനും ഭാര്യയും ഇതിനിടയിൽ 09.04.2021 നും 19.09.2022 നും രണ്ട് പ്രാവശ്യം വന്ധ്യത ചികിത്സയ്ക്ക് വിധേയരായി എന്ന് എറണാകുളം സബൈൻ ഹോസ്പിറ്റൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വന്ധ്യത ചികിത്സ പരാജയപ്പെട്ടതിനാലും രോഗിയായ മാതാവിനെ സംരക്ഷിക്കേണ്ട ആവശ്യകത കണക്കിലെടുത്തും 06.12.1996 ലെ 15877/C3/96/ഉ.ഭ.പ.വ. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം എറണാകുളം ജില്ലയിൽ ആവശ്യമായ 5 വർഷത്തെ സേവനം പൂർത്തീകരിക്കുന്നതിനു മുൻപ് ശ്രീ. ശിവപ്രകാശ് എസ്. എസ്. എറണാകുളം ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചു.

8. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 252/2023 നമ്പർ കേസിലെ 27.02.2023 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീ. ശിവപ്രകാശ് എസ്. എസ്. -ന് ടിയാന്റെ വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തീകരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകി കോഴിക്കോട് ജില്ലയിലേയ്ക്ക് തിരികെ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാമോ?

# Government of Kerala
## (Sri.Pinarayi Vijayan Ministry)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/47/2023-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Granting of Inter District Transfer to Sri. Sivaprakash S. S., Village Field Assistant, Ernakulam District Revenue establishment, to his native district Kozhikode, in order to look after his aged mother-reg. |
| 4 | Date of Chief Minister's order for placing before the Council | 14.09.2023 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | No.<br><br>Not Applicable. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes. |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 06.10.2023 |
| 10 | Name of Chief Secretary who approved the Draft Note | Dr.Venu V. |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 09.10.2023 |
| 12 | Name of Minister who approved the Draft Note | Shri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 09.10.2023 |
| 14 | Date of submission of fair copies | 10.10.2023 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to granting of Inter District Transfer to Sri. Sivaprakash S. S., Village Field Assistant in Ernakulam District Revenue Establishment to his native district, Kozhikode by relaxing the rule of completing 5 years of service for Inter District Transfer, in order to look after his aged mother, as a special case.

2. Sri. Sivaprakash S. S. joined in service on 19.09.2008 as Village Field Assistant at revenue establishment in Kozhikode district as per the appointment order dated 02.09.2008 of the District Collector, Kozhikode on the basis of the advice memo issued by the Kozhikode district PSC. Since his wife was working in Ernakulam district and the couple were diagnosed with infertility, he had submitted an application on 01.08.2014 for inter-district transfer to Ernakulam district for undergoing infertility treatment. Accordingly, he was allowed inter-district transfer to Ernakulam district by the District Collector, Ernakulam as per his proceedings No. DCEKM/22/2022-E2 dated 13.06.2022 and he joined at Aluva West Village Office in Ernakulam district on 18.07.2022. Upon failure of the infertility treatment, he submitted a representation before the Land Revenue Commissioner seeking inter district transfer back to his native district, Kozhikode by cancelling the said order of the District Collector, Ernakulam for taking care of his aged mother. Vide proceedings No. LR/11456/2022-LR(N4) dated 02.12.2022 the Land Revenue Commissioner rejected the said request pointing out that the petitioner failed to produce the medical records substantiating his claim and appointment norms of Ernakulam district is applicable to him as he joined in Ernakulam Revenue Establishment on 18.07.2022

and had not completed the required minimum period of 5 years for IDT.

3. Subsequently he had submitted a revision petition before the Land Revenue Commissioner with a request to reconsider the said order of Land Revenue Commissioner and to direct both the Collectors to appoint him in Kozhikode district. The said application was forwarded to Government by the Land Revenue Commissioner for considering the same by virtue of para 5 of the G.O.(P)No. 36/91/P&ARD dated 02.12.1991.

4. Sri. Sivaprakash filed OA No. 252/2023 before the Hon'ble Kerala Administrative Tribunal seeking direction for speedy disposal of the said revised petition and the Hon'ble Kerala Administrative Tribunal vide its order dated 27.02.2023 in the said case, had directed Government to consider and take appropriate decision on Annexure A9 representation submitted by the applicant before the Land Revenue Commissioner after affording an opportunity of personal hearing to the applicant. Accordingly, the petitioner and the concerned were heard in person on 03.05.2023, when the petitioner reiterated his request made in the representation.

5. The District Collector, Kozhikode has reported that Smt. Saradamma, the mother of the applicant who is aged around 66 years is living alone in Kottuli Village of Kozhikode district. Her husband died in 2014 and of her three children her daughter is bedridden and her second son is living separately with his disabled son, Smt. Saradamma cannot walk without help owing to the injury she sustained to her legs in a recent fall. Now she requires the personal assistance and care of Sri. Sivaprakash on whom she is dependent. The Asst. Surgeon of Kunnamangalam Family Health Centre has

certified that Smt. Saradamma, the mother of the applicant is unable to walk without help. The District Collector, Kozhikode has also reported that a vacancy is currently available for allowing inter-district transfer to the applicant from Ernakulam district to Kozhikode district and there is no obstacle to allow IDT to the applicant in the ratio 9:1 since there is no application pending for inter-district transfer in Kozhikode district. As per the records from Sabine Hospital, Ernakulam, Sri. Sivaprakash had undergone IVF treatment since 09.04.2021. The doctor who treated them has also certified that treatments done on 09.04.2021 and 19.09.2022 failed.

6. As per the Circular No. 15877/C3/96/P&ARD dated 06.12.1996, it was stipulated that an employee who gets inter district transfer to a district shall be eligible for another inter district transfer only after the completion of 5 years of service in that district and the said rule is applicable to all inter district transfers other than those exempted as per G.O.(P) No. 36/91/P&ARD dated 02.12.1991 irrespective of whether the transfer is first or second. Hence the Personal and Administrative Reforms Department has been consulted on granting IDT to Sri. Sivaprakah S. S. on humanitarian ground and that Department has opined as follows.

"ഒരു ജില്ലയിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം നേടി മറ്റൊരു ജില്ലയിൽ ജോലി ചെയ്യുന്ന ജീവനക്കാരന് വീണ്ടും അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് തടസ്സമില്ല. എന്നാൽ രണ്ടാമത്തെ ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ ടിയാനു വീണ്ടുമൊരു അന്തർ ജില്ലാ സ്ഥലംമാറ്റത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ. 02/12/1991- ലെ ജി.ഒ(പി) നം.36/91/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 -ലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസുകളിൽ 5 വർഷ

നിബന്ധനയിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ ഇളവ് അനുവദിക്കാവുന്നതാണ്. അപ്രകാരം ഇളവ് അനുവദിക്കുന്നതിന് വ്യക്തവും നീതികരിക്കാവുന്നതുമായ കാരണങ്ങൾ ഉണ്ടാകേണ്ടതും ഏത് ജില്ലയിലേയ്ക്കാണോ അന്തർജില്ല സ്ഥലമാറ്റം ആവശ്യപ്പെടുന്നത് ആ ജില്ലയുടെ കളക്ടറുടെ റിപ്പോർട്ടും സഹിതം ചീഫ് സെക്രട്ടറി മുഖാന്തിരം ഫയൽ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ജില്ലാതല നിയമനങ്ങളിൽ ഒരു വകുപ്പിലെ ഒരു തസ്തികയിൽ ഒരു വർഷമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% ഒഴിവുകളിൽ മാത്രമേ, വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കേസ്സുകൾ ഉൾപ്പെടെയുള്ള അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കായി നീക്കി വയ്ക്കാൻ പാടുള്ളൂ എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. ശിവപ്രകാശ് എസ്. എസ്. സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്."

7. Sri. Sivaprakash S. S. applied for IDT to Ernakulam district for undergoing IVF treatment. He was allowed IDT vide proceedings of District Collector Ernakulam (DCEKM/22/2022-E2 dated 13.06.2022) and joined Aluva West Village Office on 18.07.2022. He and his wife had in the meantime undertaken IVF treatment twice on 09.04.2021 and 19.09.2022 as certified by Sabine Hospital, Ernakulam. Since the IVF treatment failed and in consideration of the need to take care of his ailing mother, Sri. Sivaprakash S. S. applied for IDT from Ernakulam to Kozhikode before completing the required 5 years of service in Ernakulam District as mandated as per Circular number 15877/C3/96/P&ARD dated 06.12.1996.

8. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

## Point for decision

Whether, in pursuance of the order of Hon'ble Tribunal dated 27.02.2023 in OA 252/2023, Sri. Sivaprakash S. S., Village Field Assistant, Ernakulam District Revenue Establishment may be granted Inter District Transfer back to Kozhikode District in order to look after his aged mother by relaxing the rule of completion of 5 years of service for Inter District Transfer, as a special case?